**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 37** | **06-12-2022 - ൽ മറുപടിയ്ക്ക്**

## കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി ബിൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. എ. രാജ,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള വൈദ്യുതി നിയമ ഭേദഗതി ബിൽ നിയമമായാൽ സൃഷ്ടിക്കാനിടയുള്ള പ്രശ്നങ്ങൾ സംസ്ഥാനം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; കൺകറന്റ് ലിസ്റ്റിലുള്ള വിഷയമായിട്ടും സംസ്ഥാനങ്ങളുമായി കൂടിയാലോചിക്കാതെ ഏകപക്ഷീയമായി നിയമ ഭേദഗതി കൊണ്ടുവരുന്നതിലുള്ള പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിക്കുമോ; | (എ) | ഉണ്ട്. അറിയിച്ചിട്ടുണ്ട്. |
| (ബി) | വിതരണ മേഖല സ്വകാര്യ കുത്തകകൾക്ക് വിട്ടുകൊടുക്കുന്നതിനുള്ള ബില്ലിലെ വ്യവസ്ഥ കെ.എസ്.ഇ.ബി.എൽ.-നെ തകർച്ചയിലേക്ക് നയിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; | (ബി) | ഉണ്ട്.<br><br>സംസ്ഥാന സർക്കാർ നികുതിപ്പണം മുടക്കി നിർമ്മിച്ച നിലയങ്ങളിൽനിന്ന ഉൾപ്പെടെ, നിലവിലെ താരതമ്യേന ചെലവ കുറഞ്ഞ വൈദ്യുതി വാങ്ങൽ കരാറുകൾ സ്വകാര്യ മേഖലയുമായി പങ്ക് വയ്ക്കേണ്ടി വരും. അതേസമയം ഹരിതോർജ്ജ ശേഷ് വർദ്ധിപ്പിക്കുക എന്ന സംസ്ഥാന താല്പര്യ മുൻനിർത്തി നിലവിൽ നിർമ്മാണത്തിൽ ഇരിക്കുന്നതോ പുതുതായി ഏറ്റെടുക്കുന്നതോ ആയ നിലയങ്ങളുടെ വൈദ്യുതി ചെലവ ഗണ്യമായി കൂടുതലായിരിക്കുമെങ്കിലും ആയവ ഭാവിയിൽ പൊതുമേഖലാസ്ഥാപനമായ കെ.എസ്.ഇ.ബി.എൽ-ന്റെ മാത്രം ബാധ്യതയായി വരും. ഇത കെ.എസ്.ഇ.ബി.എൽ-ന്റെ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക ഗണ്യമായി വർദ്ധിപ്പിക്കുകയും അതുകൊണ്ട തന്നെ ഉപഭോക്താക്കളുടെ കൊഴിഞ്ഞുപോക്കിന് കാരണമാവുകയും ചെയ്യും. ഇത് ഉണ്ടാക്കുന്ന ദൂഷിതവലയം |

| | | | |
|---|---|---|---|
| | | | (vicious circle) കാലക്രമത്തിൽ പൊതുമേഖലയുടെ തകർച്ചയിലേക്ക് നയിക്കും. |
| (സി) | ക്രോസ് സബ്സിഡി ഒഴിവാക്കണമെന്ന വ്യവസ്ഥ പാവപ്പെട്ട ഉപഭോക്താക്കളെ പ്രതിസന്ധിയിലേക്ക് നയിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ